*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

139th Issue - Volume 4, No. 20 ജാഗ്രത 28th June 2010

*******

“കർത്താവിൽ പൂർണ്ണഹൃദയത്തോടെ വിശ്വാസമർപ്പിക്കുക. സ്വന്തം ബുദ്ധിയെ ആശ്രയിക്കുകയുമരുത്. നിന്റെ എല്ലാപ്രവൃത്തികളും ദൈവവിചാരത്തോടെയാകട്ടെ. അവിടുന്ന് നിനക്ക് വഴി തെളിച്ചുതരും.”

(സുഭാഷിതങ്ങൾ 3:5-6)

*******



SERVANT OF GOD MATHEW MAKIL
(1851-1914)

## പ്രധാനവാർത്തകൾ

അപകടകരവും അധാർമികവുമായ നിയമനിർമാണങ്ങൾ നടത്തരുത്: കർദിനാൾ മാർ വർക്കി വിതയത്തിൽ

സഭയെയും വിശ്വാസികളെയും ഒറ്റപ്പെടുത്താൻ ഗൂഢശ്രമം: മാർ ബോസ്കോ പുത്തൂർ


സി.എം.എസ് കോളജ് അക്രമം വേദനാജനകം: കെ.സി.ബി.സി

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt


**Commission Secretary**
Fr. Johny Kochuparambil

## അപകടകരവും അധാർമികവുമായ നിയമ നിർമാണങ്ങൾ നടത്തരുത്: കർദിനാൾ മാർ വർക്കി വിതയത്തിൽ



അപകടകരവും അധാർമികവുമായ നിയമനിർമാണങ്ങൾ നടത്തുമ്പോൾ അതിന്റെ ഗൗരവതരമായ പ്രത്യാഘാതത്തെക്കുറിച്ചു ജനപ്രതിനിധികളും പൗര സമൂഹവും ചിന്തിക്കണമെന്നു കർദിനാൾ മാർ വർക്കി വിതയത്തിൽ പത്രക്കുറിപ്പിൽ അറിയിച്ചു. ദി അസിസ്റ്റഡ് റിപ്രൊഡക്റ്റീവ് ടെക്നോളജീസ്(റെഗുലേഷൻ) ബിൽ-2010 എന്ന പേരിൽ കേന്ദ്ര സർക്കാർ നടപ്പാക്കാൻ പോകുന്ന നിയമത്തെ പരാമർശിച്ചുകൊണ്ടാണു അദ്ദേഹം ഇത്തരമൊരു പത്രക്കുറിപ്പിറക്കിയത്.“പ്രജനന സാങ്കേതികവിദ്യയുടെ ദുരുപയോഗം തടയാനും അത് സുരക്ഷിതവും ധാർമികവുമാക്കാ”നാണ് ഈ ബില്ല് കൊണ്ടുവരുന്നത് എന്നാണ് പറയുന്നത്. 15 ശതമാനം ദമ്പതികൾക്കു കുട്ടികളില്ലെന്നും ‘‘എല്ലാ ദമ്പതികൾക്കും ഒരു കുട്ടിയുണ്ടാകാൻ അവകാശമുണ്ടെന്നും’’ ബില്ല് പ്രസ്താവിക്കുന്നു. സന്താനോത്പാദനം എങ്ങനെയും തടയണമെന്നു പറയുന്ന സർക്കാർ തന്നെയാണ് ഇങ്ങനെയൊരു അവകാശമുണ്ടെന്നു പറയുന്നത്. ദമ്പതികൾക്ക് കുട്ടിയുണ്ടാകാൻ ഏതു മാർഗവും ഉപയോഗിക്കാമെന്നു വരുമ്പോൾ ലൈംഗികബന്ധം, പ്രജനനം എന്നീ ദാമ്പത്യത്തിലെ കടമകൾക്ക് ആരെയും കൂട്ടുചേർക്കാം എന്നു വരുന്നതിന്റെ ധാർമിക പരിഗണനകൾ നാം മറക്കുന്നു-കർദിനാൾ ചൂണ്ടിക്കാട്ടി. അണ്ഡ-ബീജങ്ങളുടെയും അവയുടെ ദാതാക്കളുടെയും വാടക ഗർഭപാത്രക്കാരുടെയും വിവരങ്ങളുടെ ബാങ്കുകളും പ്രജനന സാങ്കേതികവിദ്യയുടെ ക്ലിനിക്കുകളും നിയമാനുസൃതമാക്കുന്നതാണ് ബില്ല്. ഇത് കുടുംബവ്യവസ്ഥിതിയെയും സാമൂഹിക കെട്ടുറപ്പിനെയും അപകടപ്പെടുത്തുന്ന നടപടികളാകും. ദൈവത്തിന്റെ സൃഷ്ടിയിൽ അധാർമികവും അപകടകരവുമായി ഇടപെടുന്നതുമായി ഇതു മാറും. ലൈംഗികതയിലെ പ്രേമം, പ്രജനനം എന്നീ രണ്ടു മാനങ്ങൾ പൂർണമായി വേർതിരിച്ച് ലൈംഗിക വേഴ്ചയെ ഉത്തരവാദിത്വരഹിതവും പ്രജനനബന്ധമില്ലാത്തതുമാക്കുന്ന വൈകൃത സംസ്കാരത്തിന് ബില്ല് വാതിൽ തുറക്കുമെന്ന് കർദിനാൾ മുന്നറിയിപ്പ് നല്കി. വാടക ഗർഭപാത്രം, ബീജപിതാവ്, അണ്ഡമാതാവ്, വളർത്തുപിതാവ്, വളർത്തുമാതാവ് എന്നിങ്ങനെ ശിശുവിന്റെ രക്തബന്ധം വികൃതമാകുമെന്നും മാതാവ്, പിതാവ്, ഭാര്യ, ഭർത്താവ്, വിവാഹം എന്നിവയുടെ അർത്ഥങ്ങളും നിർവചനങ്ങളും മാറുമെന്നും അദ്ദേഹം വ്യക്തമാക്കി. ഒമ്പതു മാസം ഗർഭം ധരിച്ചു പ്രസവിച്ച സ്ത്രീയോട് കുട്ടിക്ക് ബന്ധം പാടില്ല, അതിൽ രക്തബന്ധമില്ല എന്ന് നൈയാമികമായി കല്പിക്കാൻ കഴിയുമോയെന്നും കർദിനാൾ ചോദിച്ചു. കുടുംബ തകർച്ചയുടെയും അരാജകത്വത്തിന്റെയും പാശ്ചാത്യ മാതൃകകൾ വിവേകശൂന്യമായി ഭാരതം സ്വീകരിക്കരുതെന്നും അദ്ദേഹം ഓർമിപ്പിച്ചു.

## സഭയെയും വിശ്വാസികളെയും ഒറ്റപ്പെടുത്താൻ ഗൂഢശ്രമം: മാർ ബോസ്കോ പുത്തൂർ




സഭയെയും വിശ്വാസികളെയും ഒറ്റപ്പെടുത്താനും ഭിന്നിപ്പിക്കാനുമുള്ള ഗൂഢശ്രമങ്ങൾ ചില കേന്ദ്രങ്ങൾ ബോധപൂർവം നടത്തുന്നുണ്ടെന്ന് സീറോ മലബാർ സഭാ കൂരിയാ ബിഷപ് മാർ ബോസ്കോ പുത്തൂർ. സീറോ മലബാർ സഭാ കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ആരംഭിച്ച കാനൻ നിയമ വിദഗ്ധരുടെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സഭയ്ക്കുള്ളിലും വിശ്വാസികൾക്കിടയിലും പല കാര്യങ്ങളിലും വ്യത്യസ്തമായ അഭിപ്രായമാണുള്ളതെന്ന പ്രചാരണമാണ് നടക്കുന്നത്. ബോധപൂർവം നടത്തുന്ന ഈ ശ്രമങ്ങൾക്കെതിരേ ജാഗ്രതയോടെ പ്രവർത്തിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. സഭയിലുണ്ടാവേണ്ട കാര്യമാണ് കൂട്ടായ്മകൾ. കൂട്ടായ പ്രവർത്തനങ്ങളിലൂടെ സഭ ഒന്നായിത്തീരേണ്ടുന്ന അവസരമാണിത്. സഭയും സഭാമക്കളും ഒന്നാണെന്ന വൈകാരിക ബോധം ഉണരണം. കൂട്ടായ്മയുടെ അടിസ്ഥാന ഘടകമായ കുടുംബങ്ങളുടെ പരിശുദ്ധി കാത്തുസൂക്ഷിക്കാനുള്ള നീതിപാലകരായി സഭാകോടതികൾ പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഭയാനകമായ വിപത്തുകൾ ഒളിഞ്ഞിരിക്കുന്നതാണ് കേന്ദ്രസർക്കാർ നടപ്പിൽ വരുത്താൻ പോകുന്ന ‘ദി അസിസ്റ്റഡ് റിപ്രൊഡക്റ്റീവ് ടെക്നോളജീസ്(റെഗുലേഷൻ) ബിൽ-2010’. കുടുംബങ്ങളുടെ പരിശുദ്ധിയേയും ഭദ്രതയേയും തകർക്കുന്ന നിയമമാണിത്. സമൂഹത്തിന്റെ അടിസ്ഥാനഘടകമായ കുടുംബങ്ങളുടെ സാമൂഹിക കെട്ടുറപ്പിനെ ബാധിക്കുന്ന സാഹചര്യമാണ് ഇതുണ്ടാക്കുന്നത്. ആഗ്രഹിക്കുന്ന ആർക്കും കൃത്രിമമായി കുട്ടികളെ ജനിപ്പിക്കാനും ബീജവും അണ്ഡവും എത്രതവണ വേണമെങ്കിലും വിൽക്കാനും അവകാശം നൽകുന്ന ബില്ല് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതാണ്. ഏതു സമുദായക്കാരനായാലും ഏതു വിശ്വാസിയായാലും പ്രജനനം

എന്നതിലൂടെ ദൈവത്തിന്റെ മഹത്തായ സൃഷ്ടികർമത്തിൽ പങ്കുചേരുകയെന്ന വിശിഷ്ട ദാനത്തിൽ പങ്കുകാരാവുകയാണ് ചെയ്യുന്നത്. സൃഷ്ടിയുടെ മഹത്വത്തിന് എതിരായി നിൽക്കുന്ന ഇത്തരം നിയമങ്ങൾ സമൂഹത്തിൽ അധാർമികതയിലും കുടുംബബന്ധങ്ങൾ ശിഥിലമാക്കുന്നതിലുമാണ് എത്തിച്ചേരുന്നത്. കുടുംബങ്ങളെ കറയറ്റ ജീവിതത്തിലേക്ക് നയിക്കുന്നതിനുള്ള മഹത്തായ ഉത്തരവാദിത്വമാണ് സഭാകോടതികൾക്കുള്ളത്. നീതിയുക്തമായ ഒരു ജനസമൂഹത്തെ വാർത്തെടുക്കാനുള്ള പ്രവർത്തനം വിപുലപ്പെടുത്തണമെന്നും ബിഷപ് മാർ ബോസ്കോ പുത്തൂർ ആഹ്വാനം ചെയ്തു. ട്രൈബ്യൂണൽ പ്രസിഡന്റ് ഫാ. മാത്യു കൊച്ചുപുരയ്ക്കൽ, റവ. ഡോ. സാജു കുത്തോടിപുത്തൻപുരയിൽ എന്നിവർ പ്രസംഗിച്ചു.

## സി.എം.എസ് കോളജ് അക്രമം വേദനാജനകം: കെ.സി.ബി.സി

കോട്ടയം സിഎംഎസ് കോളജിനു നേരേ നടന്ന ഗുണ്ടാ ആക്രമണം നിയമവ്യവസ്ഥകളോടുള്ള വെല്ലുവിളിയും ന്യൂനപക്ഷ സമുദായങ്ങൾക്കെതിരേയുള്ള കടന്നുകയറ്റവുമാണെന്നു കേരള കത്തോലിക്കാ മെത്രാൻ സമിതി അഭിപ്രായപ്പെട്ടു. ഇടതുപക്ഷ സംഘടനകൾ നടത്തുന്ന ന്യൂനപക്ഷ പീഡനത്തിന് മറ്റൊരു ഉദാഹരണം കൂടിയാണ് ഈ അക്രമം. ഭരണാധികാരികളുടെ ഒത്താശയോടുകൂടിയാണ് വിദ്യാർഥിസംഘടന അക്രമം അഴിച്ചുവിട്ടതെന്നു സംശയിക്കത്തക്കതാണ് പല നേതാക്കളുടെയും പ്രതികരണം. വിദ്യാർഥിസംഘടനകളുടെ അക്രമരാഷ്ട്രീയം ഒറ്റപ്പെട്ട സംഭവമല്ലെന്നും ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങളെ തെരഞ്ഞുപിടിച്ച് ആക്രമിക്കുകയാണെന്നും ക്രൈസ്തവ വിദ്യാഭ്യാസസ്ഥാപനങ്ങൾ നാലുവർഷമായി ഇത്തരക്കാരുടെ സ്ഥിരം ഇരയാണെന്നും മെത്രാൻസമിതി ചൂണ്ടിക്കാട്ടി. അതീവ ഗുരുതരമായ അച്ചടക്ക ലംഘനം നടത്തിയ വിദ്യാർഥിയെ മാനേജ്മെന്റ് പുറത്താക്കിയതിന്റെ പേരിൽ രാഷ്ട്രത്തിനും സമൂഹത്തിനും ഉത്തമരായ അനേകായിരം പൗരന്മാരെ സംഭാവനചെയ്ത അതിപുരാതനമായ ഒരു കലാലയത്തിനുനേരേ വിദ്യാർഥിസംഘടന എന്ന പേരിൽ ഗുണ്ടകൾ നടത്തുന്ന വിളയാട്ടം ഒരിക്കലും സാംസ്കാരിക കേരളത്തിന് അംഗീകരിക്കാനാവില്ല. ഇതു തീർത്തും വേദനാജനകമാണ്. കാമ്പസുകളിൽ വിദ്യാർഥിരാഷ്ട്രീയത്തിന്റെ മറവിൽ നിയമം കൈയിലെടുത്തു ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും പൊതുമുതലുകൾ നശിപ്പിക്കുകയും ചെയ്യുന്ന ഗുണ്ടകളെയും ക്രിമിനലുകളെയും മാതൃകാപരമായി നിയന്ത്രിക്കാനും ശിക്ഷിക്കാനും ഭരണാധികാരികൾ തയാറാകണമെന്നും കെ.സി.ബി.സി പ്രസിഡന്റ് ബിഷപ് ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സെക്രട്ടറി ജനറൽ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു.





**"Jagratha News"** – An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA


********